മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഇക്കാര്യത്തിൽ M/s Punj Lloyd കമ്പനിയുമായി ഒപ്പിട്ട കരാർ അനുസരിച്ച് പണികൾ 15-11-2006-ലാണ് പൂർത്തീകരിക്കേണ്ടത്.

(ബി) എൽ.എം.എസ്.-അട്ടക്കുളങ്ങര, വെള്ളയമ്പലം-കവടിയാർ, വെള്ളയമ്പലം-ശാസ്തമംഗലം, തമ്പാനൂർ-ഓവർബ്രിഡ്ജ് എന്നീ റോഡുകൾ ആറുവരി പാത ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(സി) സ്ഥലമെടുപ്പ് സംബന്ധിച്ച കാലതാമസമാണ് ഇത് വൈകുന്നതിനുള്ള പ്രധാന കാരണം.

(ഡി) സ്വീകരിച്ചു വരുന്നു. പുഞ്ച് ലോയിഡ് എന്ന കമ്പനിയുമായി ഇതു സംബന്ധിച്ച കരാർ ഒപ്പുവച്ചു കഴിഞ്ഞു. രണ്ട് ഫ്ളൈ ഓവറുകളുടെയും ഒരു സബ്വേയുടെയും പണി 2004 സെപ്തംബർ മാസത്തോടുകൂടി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

നബാർഡിൽ നിന്നും ആനുകൂല്യം ലഭിക്കാൻ നടപടി

*13 [268] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾക്ക് നബാർഡ് നൽകി വന്ന ആനുകൂല്യങ്ങളും വായ്പാ സഹായവും നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) വായ്പാ സൗകര്യം നബാർഡിൽ നിന്ന് തുടർന്നും ലഭിക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ ആന്റ് ബി) ആർഐഡിഎഫ് പുനഃസ്ഥാപിക്കാനും ആർഐഡിഎഫ് IX-ൽ കേരളത്തിന് ലഭിക്കാനുള്ള 84 കോടി രൂപയുടെ പൊതുമരാമത്ത് വകുപ്പിന്റെ പ്രോജക്ടിന് രണ്ടാഴ്ചക്കകം അനുമതി നൽകാനും തീരുമാനിച്ചതായി നബാർഡിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ട്.

ഗവൺമെന്റ് സ്കൂളുകളിലെ അധ്യാപനം മെച്ചപ്പെടുത്താൻ നടപടി

*14 [269] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, പ്രൊഫ. ഗോപാലകൃഷ്ണൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, എ. പി. അനിൽകുമാർ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സ്കൂളുകളിൽ കുട്ടികളെ പഠിപ്പിക്കുന്നതും കുട്ടികൾ പഠിക്കുന്നതും മെച്ചപ്പെട്ട രീതിയിലാണ് എന്ന് ഉറപ്പുവരുത്താറുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മെച്ചപ്പെട്ട റിസൾട്ടുണ്ടാക്കാത്ത ഗവൺമെന്റ് സ്കൂളുകളിലെ അദ്ധ്യാപകരുടെ മേൽ എന്തെങ്കിലും നടപടിയെടുക്കാനുദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്. ക്ലാസ്സിൽ പഠിപ്പിക്കേണ്ടതായ പാഠഭാഗങ്ങളുടെ ലസൺ പ്ലാൻസ് അതാത് അദ്ധ്യാപകർ തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥകൾ ഇപ്പോൾ തന്നെ കെ. ഇ.ആർ.-ൽ ഉണ്ട്. ഓരോ ആഴ്ചയിലും വേണ്ടുന്ന ലസൺ പ്ലാൻസ് തിങ്കളാഴ്ച ദിവസം തന്നെ ഹെഡ്മാസ്റ്റർക്ക് പരിശോധനയ്ക്ക് വയ്ക്കേണ്ടതാണ്. എല്ലാ അദ്ധ്യാപകരും ലസൺ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും പരിശോധിച്ച് തിരിച്ച് നൽകേണ്ടതും ഹെഡ്മാസ്റ്റർമാരുടെ ചുമതലയാണ്. ഇത് സംബന്ധിച്ച് രജിസ്റ്റർ സ്കൂൾ ഓഫീസിൽ സൂക്ഷിക്കേണ്ടതും വിദ്യാഭ്യാസ ഓഫീസർമാർ സ്കൂൾ പരിശോധനയ്ക്ക് വരുമ്പോൾ ടി രജിസ്റ്റർ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്. ലസൺ പ്ലാനുകൾ തയ്യാറാക്കുന്നതിലൂടെ അദ്ധ്യാപകർക്ക് മെച്ചപ്പെട്ട രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യാൻ സാധിക്കുന്നതാണ്. അക്കാഡമിക് ഇൻസ്പെക്ഷൻ നടത്തുന്ന സമയത്ത് ലസൺ പ്ലാൻ പ്രകാരമുള്ള തയ്യാറെടുപ്പോടുകൂടിയാണോ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് എന്ന് ജില്ലാ വിദ്യാഭ്യാസ ആഫീസർ ഉറപ്പുവരുത്താറുണ്ട്. ലസൺ പ്ലാൻ തയ്യാറാക്കി പ്രധാനാദ്ധ്യാപകന്റെ അംഗീകാരം വാങ്ങുവാനും പരിശോധനയ്ക്ക് വിധേയമാക്കാനും ഫലപ്രദമായി പഠനബോധന രീതി പ്രയോഗിക്കുവാനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) എസ്.എസ്.എൽ.സി. പരീക്ഷയുടെ റിസൾട്ട് മെച്ചപ്പെടാത്തതിന്റെ പേരിൽ അദ്ധ്യാപകരുടെമേൽ നടപടി എടുക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. മോശമായ റിസൾട്ടുണ്ടാക്കിയ സ്കൂളുകളിലെ റിസൾട്ട് മെച്ചപ്പെടുത്താനാവശ്യമായ നടപടികളെടുത്തിട്ടുണ്ട്. അത്തരം സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ യോഗം വിളിച്ചുചേർത്ത് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

*15 [270] ശ്രീ. റോഷി അഗസ്റ്റിൻ:

" തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നിലവിൽ വന്നത് എന്നാണെന്ന് അറിയിക്കാമോ;

(ബി) ഗവൺമെന്റ് തല നിർമ്മാണ ജോലികൾ ഈ സ്ഥാപനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ കേന്ദ്രം വഴി നടത്താൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly